നമ്പർ - WCD-E5-6001/2020

വനിത ശിശുവികസന ഡയറക്ടറുടെ
കാര്യാലയം, പൂജപ്പുര,തിരുവനന്തപുരം
തീയതി : 26/07/2021

gmail:wcdestablishment2017@gmail.com
Phone No. 0471 – 2346534

# സർക്കുലർ

**വിഷയം :-** വനിത ശിശുവികസന വകുപ്പ് - ജീവനക്കാര്യം-കൊവിഡ്-19-പ്രതിരോധ പ്രവർത്തനം - പുതുക്കിയ മാർഗ്ഗനിർദ്ദേശം സംബന്ധിച്ച്:-

**സൂചന :-** GO(RT) No. 545/2021/DMD Dated 24/7/2021.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ സൂചന പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം A, B വിഭാഗത്തിൽപ്പെടുന്ന പ്രദേശങ്ങളിലുള്ള സർക്കാർ ഓഫീസുകളിൽ 50% ജീവനക്കാരെ വച്ചും C വിഭാഗത്തിൽപ്പെടുന്ന പ്രദേശങ്ങളിലുള്ള സർക്കാർ ഓഫീസുകളിൽ 25% ജീവനക്കാരെ വച്ചും പ്രവർത്തിപ്പിക്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിയന്ത്രണത്തിൽ നിന്നും അവശ്യ സർവ്വീസിൽപ്പെടുന്ന വകുപ്പുകളെ ഒഴിവാക്കിയിട്ടുണ്ട്. നിയമസഭ സമ്മേളനം നടക്കുന്നതിനാൽ അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർ എല്ലാ ദിവസവും ഓഫീസിൽ ഹാജരാകണമെന്ന് സൂചന പ്രകരമുള്ള സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ വനിതാ ശിശുവികസന വകുപ്പിന് കീഴിലുള്ള അങ്കണവാടികൾ തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ പ്രവർത്തിപ്പിച്ചാൽ മതിയാകും. വകുപ്പിന് കീഴിലുള്ള ഐ സി ഡി എസ് പ്രൊജക്ട് ഓഫീസുകൾ റൊട്ടേഷൻ ക്രമത്തിൽ സൂചന സർക്കാർ ഉത്തരവിൽ പരാമർശിക്കും പ്രകാരം A, B വിഭാഗത്തിൽപ്പെടുന്ന പ്രദേശങ്ങളിൽ 50% ജീവനക്കാരെ വച്ചും C വിഭാഗത്തിൽപ്പെടുന്ന പ്രദേശങ്ങളിൽ 25% ജീവനക്കാരെ വച്ചും പ്രവർത്തിപ്പിക്കേണ്ടതാണ്. വനിതാ ശിശു വികസന വകുപ്പ് അവശ്യ സർവ്വീസിൽപ്പെടുന്നതിനാലും, നിയമസഭ ചോദ്യങ്ങൾക്ക് മറുപടി നൽകേണ്ട പ്രവർത്തനങ്ങൾ നടക്കുന്നതിനാലും വകുപ്പിന് കീഴിലുള്ള മറ്റെല്ലാ കാര്യാലയങ്ങളും 100% ജീവനക്കാരെ വച്ച് പ്രവർത്തിപ്പിക്കേണ്ടതാണ് എന്ന് അറിയിക്കുന്നു.

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി

എല്ലാ കാര്യാലയ മേധാവികൾക്കും.
എല്ലാ യൂണിറ്റ് ഓഫീസർമാർക്കും.